ഉത്തരം

(എ) വടകര മണ്ഡലത്തിലെ അഴിയൂർ ചെക്ക്പോസ്റ്റിൽ ഇപ്പോൾ ഒരു പ്രിവന്റീവ് ഓഫീസറും 3 എക്സൈസ്ഗാർഡുകളും ജോലി നോക്കുന്നു. കൂടാതെ, ടേൺപ്രകാരം ഒരു പ്രിവന്റീവ് ഓഫീസറും, 4 ഗാർഡുകളും ദിവസേന ജോലി നോക്കുന്നു. ഒരു വാഹനവും നിലവിലുണ്ട്.

(ബി) നിലവിൽ ഒരു വാഹനം അനുവദിച്ചിട്ടുണ്ട്.

(സി) വകുപ്പിൽ പുതിയ വാഹനം എത്തുമ്പോൾ ഈ ചെക്ക്പോസ്റ്റിൽ ഒരു വാഹനംകൂടി അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കുന്ദമംഗലം എക്സൈസ് ഓഫീസിന് സ്ഥലം കൈമാറുന്നതിന് നടപടി

31 [3284] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം എക്സൈസ് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വന്തം കെട്ടിടം ഉണ്ടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനാവശ്യമായ സ്ഥലം എവിടെയാണ് കണ്ടെത്തിയത്;

(ഡി) നിയുക്തസ്ഥലം ഇന്ന് ആരുടെ ഉടമസ്ഥതയിലാണെന്നും എത്ര സെന്റ് സ്ഥലമാണ് കണ്ടെത്തിയത് എന്നും ഈ സ്ഥലത്തിന്റെ അതിരുകളും സർവ്വേ നമ്പറും സഹിതം വെളിപ്പെടുത്തുമോ;

(ഇ) ഈ സ്ഥലത്ത് കുന്ദമംഗലം എക്സൈസ് റെയ്ഞ്ചാഫീസ് കെട്ടിടം പണിയുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(എഫ്) പുതിയ കെട്ടിടത്തിൽ കുന്ദമംഗലം എക്സൈസ് റെയിഞ്ചാഫീസ് എന്നുമുതൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കുന്ദമംഗലം എക്സൈസ് റെയിഞ്ച് പരിധിയിൽ കുന്ദമംഗലം വില്ലേജാഫീസിനടുത്ത്.

GPM. 2/609/2012—10

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിയുക്തസ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതും കുന്ദമംഗലം വില്ലേജിൽ റീസർവ്വേ 78/2 നമ്പരിലുള്ളതും ഉദ്ദേശം 7 സെന്റ് വരുന്നതും ആകുന്നു. പ്രസ്തുതസ്ഥലത്തിന്റെ അതിരുകൾ ഇപ്രകാരം ആകുന്നു:

1. കിഴക്ക്	കിണറുള്ള കിഴക്കതിൽ ചന്തുവക സ്ഥലം.
2. തെക്ക്	കിണറുള്ള കിഴക്കതിൽ ചന്തുവക സ്ഥലം.
3. വടക്ക്	കുന്ദമംഗലം വില്ലേജാഫീസ്.
4. പടിഞ്ഞാറ്	കാരന്തൂർ—മെഡിക്കൽ കോളേജ് റോഡ്.

(ഇ) മേൽപ്പറഞ്ഞ 7 സെന്റ് സ്ഥലം കുന്ദമംഗലം എക്സൈസ് റെയിഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി, എക്സൈസ് വകുപ്പിന് വിട്ടുതരുന്നതിനു വേണ്ടി കോഴിക്കോട് ജില്ലാ കളക്ടർക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) കെട്ടിടനിർമ്മാണം പൂർത്തിയാവുന്നമുറയ്ക്ക് പുതിയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിക്കുന്നതാണ്.

വീട്ടുവളപ്പിൽ കോഴിവളർത്തൽ പദ്ധതിക്ക് വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾക്ക് വാറ്റ് നികുതി

32 [3285] *ശ്രീ. എ. എൻ. രാജൻ ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള "വീട്ടുവളപ്പിൽ കോഴി വളർത്തൽ" പദ്ധതിപ്രകാരം വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾക്ക് വാറ്റ് നികുതി ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്നുമുതലാണ് വാറ്റ് നികുതി ഏർപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് സ്വയംപര്യാപ്തത കൈവരിക്കാൻ ആവിഷ്കരിച്ച ഈ പദ്ധതിയിൽ വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾക്ക് വാറ്റ് നികുതി ഏർപ്പെടുത്തിയാൽ അത് പദ്ധതിയുടെ ഉദ്ദേശത്തെ തകർക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പട്ടിണിപാവങ്ങളായ കർഷകരെ വാറ്റ് നികുതിയിൽനിന്നും ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതിനിയമപ്രകാരം കോഴിയും കോഴിയിറച്ചിയും 12.5% നികുതിക്ക് വിധേയമാണ്. ആയതിനാൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly